# "ഭോപ്പാലിനെ മറക്കരുത്" : ഷമീർബാനു

മൂന്നുമാസം മാത്രം പ്രായമുള്ള കൈക്കുഞ്ഞിനേയുമെടുത്തു കൊണ്ട് പാലക്കാട് റെയിൽവെ സ്റ്റേഷനിൽ വന്നിറങ്ങിയ ഒരു ഉത്തരേന്ത്യൻ യുവതിയുടെ സാരിയിൽ കുത്തിയിരിക്കുന്ന ഒരു ബാഡ്ജ് ആണ് "ഭോപ്പലിനെ മറക്കരുത്" എന്നത്. പ്ലാച്ചിമട സമരത്തിന്റെ രണ്ടാം വാർഷികാഘോഷത്തിൽ പങ്കെടുക്കാൻ ഭാപ്പാൽ ഗാസ് പീഡിത് മഹിളാ-പുരുഷ സംഘർഷ മോർച്ചയുടെ പ്രവർത്തകയായ ഷമീൻബാനുവാണ് ഈ യുവതി. കൂടെ മറ്റൊരു പ്രവർത്തക നായ സയിദ് എം. ഇർഫാനുമുണ്ട്. ഇരുപതുവർഷം മുമ്പ് യൂണിയൻ കാർബൈഡ് എന്ന ബഹുരാഷ്ട്ര കമ്പനിയിലെ മീതൈൽ ഐസോ സൈനൈറ്റ് ടാങ്ക് പോട്ടി ആയിരങ്ങൾ തൽക്ഷണം മരിച്ചു. പതിനായിരങ്ങൾ ആശുപത്രിയിലായി. പലരും ജീവച്ഛവങ്ങളായി. അന്നു ജീവിച്ചിരുന്നവർ മാത്രമല്ല. അവരുടെ പിന്നീട് ജനിച്ച കുട്ടികളും മാരകരോഗങ്ങൾക്കടിമകളായി.

"നിങ്ങളുടെ കോളക്കമ്പനി പോലെത്തന്നെ ശക്തമായ ഒരു ബഹുരാഷ്ട്രക്കമ്പനിയാണ് യൂണിയൻ കാർബൈഡും. ഞങ്ങളെ പീഡിപ്പിച്ചതിനെതിരെ ഒട്ടേറെ കേസുകൾ നിലവിലുണ്ട്. എല്ലാ രാഷ്ട്രീയ കക്ഷികളും ഞങ്ങൾക്ക് ഒട്ടേറെ വാഗ്ദാനങ്ങൾ നല്കി. പക്ഷെ ഇന്നുവരെ യാതൊരു നഷ്ടപരിഹാരവും ലഭ്യമാക്കിയില്ല. ഇവരെല്ലാം ബഹുരാഷ്ട്ര കമ്പനികളുടെ ദല്ലാൾമാരാണ്." "ഇർഫാൻ വാചാലനായി. "ദുരന്തത്തിനിരയായവരെ സഹായിക്കുന്നത് ഒട്ടേറെ സന്നദ്ധ സംഘടനകളാണ് കേസ് നടത്തുന്നതും അവരാണ്. ആവശ്യമായ മരുന്നോ വൈദ്യസഹായമോ സർക്കാർ ചെയ്യുന്നില്ല".

"ഇപ്പോൾ ഞങ്ങൾ മറ്റൊരു സമരംകൂടി നടത്തേണ്ടിവന്നിരിക്കുന്നു. അതു കുടിവെള്ള സംരക്ഷണത്തിനുവേണ്ടിയാ" ഷമീന പറഞ്ഞുതുടങ്ങി. ഇവിടെയും സ്ത്രീകൾ തന്നെയാണ് സമരത്തിനു നേതൃത്വം നൽകുന്നത്. കാർബൈഡ് കമ്പനിയിലെ പലരാസവസ്തുക്കളും അവിടെ ചില ടാങ്കുകളിലും കുളങ്ങളിലുമാണ് ശേഖരിച്ചിരുന്നത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ ഈ വിഷ വസ്തുക്കൾ മണ്ണിലൂടെ ഊറിയിറങ്ങി ചുറ്റുമുള്ള പന്ത്രണ്ട് കോളനികളിലെ കിണറുകളെല്ലാം. മലിനമാക്കി. വെള്ളം കുടിക്കുന്നവർക്കെല്ലാം പലവിധരോഗങ്ങൾ പിടിപെട്ടു. പ്രത്യേകിച്ചും പെൺകുട്ടികൾക്കും സ്ത്രീകൾക്കും. അവരുടെ ആർത്തവ ചക്രങ്ങൾ മാറിപ്പോകാൻ തുടങ്ങി. പലരും ഗർഭധാരണശേഷിയില്ലാത്തവരായി. ഗർഭിണികളായവരുടെ കുട്ടികൾ ചാപ്പിള്ളകളായി. ഉണ്ടാകുന്ന കുട്ടികൾക്ക് ജനിതക തകരാറുകളുണ്ടായി. ഏകദേശം മുപ്പതിനായിരം പേർക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടിപ്പോൾ". ജലത്തിൽ രസം (മെർക്കുറി) തുടങ്ങിയ പല ഘനലോഹങ്ങളും കണ്ടെത്തിയിട്ടുണ്ട്.

"പ്ലാച്ചിമടയിലെ വെള്ളത്തിൽ കാഡ്മിയവും കറുത്തീയവും കലർന്നതായി നിങ്ങൾ കണ്ടെത്തിയല്ലോ. ഇവ വളരെ മാരകങ്ങളാണ്." ഇർഫാൻ സൂചിപ്പിച്ചു. തങ്ങൾക്ക് പൈപ്പിലൂടെയെങ്കിലും ശുദ്ധജലം നൽകണമെന്നതാണ് ഇവരുടെ ആവശ്യം. ഭോപ്പാൽ നഗരത്തിലെ തെരഞ്ഞെടുപ്പിൽ ഇതു പ്രധാന വിഷയമാക്കി ഉയർത്താനായിട്ടുണ്ട്. പ്ലാച്ചിമടയിലെ സമരത്തിന് ആവേശം പകരാൻ ഈ സമരപ്രവർത്തകർക്കു കഴിഞ്ഞു.